വാല്യം 1, ലക്കം 2, ഏപ്രിൽ 2025

# ബാംബൂ ഇൻഫോ

## ബി ടി എസ് ജി - കെ എഫ് ആർ ഐ യിൽ നിന്നുള്ള ത്രൈമാസ വാർത്താക്കുറിപ്പ്



### ടീനോസ്റ്റാകിയം വൈറ്റിയെ

കേരളത്തിലെ തനതായ കണ്ണാടിപ്പായ പായകൾ നിർമ്മിക്കാൻ പ്രധാനമായും ഉപയോഗിക്കുന്ന മുള ഇനം ആണ് ടീനോസ്റ്റാകിയം വൈറ്റിയെ.

കണ്ണാടിപ്പായ നിർമിക്കുന്ന പരമ്പരാഗത നെയ്ത്തുക്കാരായ ഗോത്ര സമൂഹങ്ങൾ (ഉരാളി, മന്നൻ, മുതുവൻ) 'ഞുഞ്ഞൂലീറ്റ' എന്ന് പ്രാദേശികമായി വിളിക്കുന്ന ഈ പ്രത്യേക ഇനത്തിന് ഇത്തരത്തിലുള്ള കരകൗശലത്തിന് അനുയോജ്യമാക്കുന്ന തരത്തിലുള്ള പ്രത്യേക സ്വഭാവ സവിശേഷതകളുണ്ട്. കേരളത്തിലെ തൃശ്ശൂരിലെ ഷോളയാർ വനത്തിൽ വളരുന്ന ടീനോസ്റ്റാകിയം വൈറ്റിയെ ആണ് മുകളിലുള്ള ചിത്രത്തിൽ കാണിച്ചിരിക്കുന്നത്.




**ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് - 2025:** കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ഫെബ്രുവരി 21 ന് രാവിലെ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൻകിട കമ്പനികളും വ്യവസായികളും നൂതന സാങ്കേതികമേഖല വിദഗ്ധരുമുൾപ്പെടെ പങ്കെടുത്ത കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ കേന്ദ്ര സംസ്ഥാന മന്ത്രിമാരും വിദേശരാജ്യ പ്രതിനിധികളും സംബന്ധിച്ചു.

# എഡിറ്റേഴ്സ് ഡെസ്ക്

പ്രിയ വായനക്കാരെ,

മുളയുമായി ബന്ധപ്പെട്ട വൈവിദ്ധ്യമാർന്ന വിഷയങ്ങൾ കൈമാറുവാൻ ഉദ്ദേശിച്ചിട്ടുള്ള 'ബാംബൂ ഇൻഫോ' ന്യൂസ്‌ലെറ്ററിന്റെ രണ്ടാം ലക്കത്തിലേക്ക് ഏവർക്കും സ്വാഗതം!

'പച്ച സ്വർണ്ണം' എന്ന് വിളിക്കുന്ന മുള നിരവധി പാരിസ്ഥിതിക ഗുണങ്ങളുള്ളതും, വ്യാവസായിക പ്രാധാന്യമുള്ളതും അതി വേഗത്തിൽ വളരുന്നതുമായ പുല്ല് വർഗത്തിൽപ്പെട്ട സസ്യങ്ങളാണെന്നത് അറിയാമല്ലോ? മുളകളുടെ പ്രാധാന്യം നാൾക്കു നാൾ വർധിച്ചുകൊണ്ടിരിക്കുന്നു. കാലാവസ്ഥ വ്യതിയാനം, അതിനോടനുബന്ധിച്ചു വരുന്ന പ്രകൃതി ദുരന്തങ്ങൾ, പരിസ്ഥിതി മലിനീകരണം, വനനശീകരണം, തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നമ്മൾ ദിനംപ്രതി നേരിട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ മുള പോലുള്ള പരിസ്ഥിതി സൗഹാർദ്ദപരമായ ഉത്പന്നങ്ങൾ ഉപയോഗിക്കുവാനും ഉപയോഗിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുവാനും അതുവഴി നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുവാനും പുതിയ തലമുറ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നു.

കേരള വനഗവേഷണ സ്ഥാപനം കഴിഞ്ഞ നാൽപതു വർഷത്തിലേറെയായി മുളകളുമായി ബന്ധപെട്ടു നിരവധി ഗവേഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്താൽ പ്രവർത്തിക്കുന്ന ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അഥവാ ബി ടി എസ് ജി മുളകളുമായി ബന്ധപ്പെട്ട വൈവിധ്യ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഗവേഷകരുടെ കൂട്ടായ്മയാണ്. മുളകളുമായി ബന്ധപ്പെട്ട ഇനങ്ങൾ, നഴ്സറി, കൃഷിരീതികൾ, സംസ്കരണം, ഉപയോഗവുമായി ബന്ധപ്പെട്ട ഡിസൈനുകൾ, വാർത്തകൾ, പരിശീലന പരിപാടികളുടെ വിവരങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങൾ 'ബാംബൂ ഇൻഫോ' ന്യൂസ്‌ലെറ്റർ നിങ്ങളിലേക്ക് എത്തിക്കുന്നതായിരിക്കും.

ഈ കൂട്ടായ്മയിൽ നിങ്ങൾക്കും പങ്കാളികളാവാം. മുളയുമായി ബന്ധപ്പെട്ട നിങ്ങളുടെ അറിവുകളും, ആശയങ്ങളും ഞങ്ങളുമായി പങ്കുവെക്കുവാൻ താത്പര്യപ്പെടുന്നു.

ഞങ്ങളുടെ ഈ യാത്രയിൽ പങ്കാളികളാവുന്ന നിങ്ങൾക്കേവർക്കും നന്ദി.

**പത്രാധിപ സമിതി,**
**ബാംബൂ ഇൻഫോ**

# മുള - സുസ്ഥിരമായ ഭാവിക്കുള്ള പ്രകൃതിദത്ത പരിഹാരം

പാരിസ്ഥിതിക പ്രശ്നങ്ങൾ തീവ്രമാകുന്ന ഈ കാലഘട്ടത്തിൽ, മുള പുൽ വർഗ്ഗത്തിൽപ്പെടുന്ന ഒരു സസ്യം എന്നതിലുപരിയായി ആഗോള സുസ്ഥിരതയെ നയിക്കാൻ സാധ്യതകളുള്ളതും പുനരുൽപ്പാദിപ്പിക്കപ്പെടുന്നതുമായ പ്രകൃതി വിഭവമായി ഉയർന്നുവരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കാർബൺ വേർതിരിക്കൽ, ജൈവ ഇന്ധന ഉൽപ്പാദനം, നഗര ഭൂപ്രകൃതിയുടെ പരിവർത്തനം തുടങ്ങി നിരവധി നേട്ടങ്ങൾ മുള വാഗ്ദാനം ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പോരാട്ടത്തിൽ, മുള മറ്റ് വൃക്ഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നു. ഇത് ആഗോളതലത്തിൽ കാർബൺ തോത് കുറയ്ക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. വികസ്വര രാജ്യങ്ങൾക്ക് സുസ്ഥിരമായ വളർച്ച ഉറപ്പാക്കുവാൻ പാരിസ്ഥിതികവും സാമ്പത്തികവുമായ സ്ഥിരത കൈകോർക്കണം. മുള ജൈവ അധിഷ്ഠിത സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് സുപ്രധാന സംഭാവന ചെയ്യുന്നു. മുളകളുടെ വൻതോതിലുള്ള കൃഷി, സംസ്കരണം, മൂല്യവർധിത വ്യവസായങ്ങൾ എന്നിവയിലൂടെ ഉപജീവനമാർഗങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഗ്രാമീണ, ഗോത്രവർഗ്ഗ സമൂഹങ്ങൾക്ക് വലിയ രീതിയിലുള്ള പരിവർത്തന സാധ്യതകൾ ഉണ്ടാക്കിയെടുക്കുവാൻ കഴിയുന്നു.

**വി ബി. ശ്രീകുമാർ**
കോർഡിനേറ്റർ
ബിടിഎസ്ജി - കെഎഫ്ആർഐ

**വി. അനിത**
അസ്സോസിയേറ്റ് കോർഡിനേറ്റർ
ബിടിഎസ്ജി - കെഎഫ്ആർഐ

# ബാംബൂ ബീറ്റ്സ്



## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് - 2025

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ഫെബ്രുവരി 21 ന് രാവിലെ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സമ്മിറ്റിൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷത വഹിച്ചു. കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ദ്വിദിന ഉച്ചകോടിയിൽ കേന്ദ്രസംസ്ഥാന മന്ത്രിമാരും വിദേശരാജ്യ പ്രതിനിധികളും സംബന്ധിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൻകിട കമ്പനികളും വ്യവസായികളും നൂതന സാങ്കേതികമേഖല വിദഗ്ധരുമുൾപ്പെടെ പങ്കെടുത്ത കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ 30 സെഷനുകളാണ് വിഷയാവതരണത്തിനും തുടർന്നുള്ള ചർച്ചകൾക്കുമായി ഒരുക്കിയിരുന്നത്. കേരള സംസ്ഥാന ബാംബൂ മിഷൻ ഉൾപ്പെടെ പരമ്പരാഗത മേഖലയിലെയും പൊതുമേഖലയിലെയും 105 സ്ഥാപനങ്ങൾ പങ്കെടുത്ത പ്രദർശനവുമാണ് ആഗോള നിക്ഷേപക ഉച്ചകോടിയോടനുബന്ധമായി സംഘടിപ്പിച്ചത്. ഉറവ് (വയനാട്), സ്റ്റോറൂട്ട് (പാലക്കാട്), ബാംബൂക് (കണ്ണൂർ), എലൈമെന്റ്സ് (വയനാട്), സൗര (വയനാട്) എന്നിവരുടെ മുള ഉല്പന്നങ്ങൾ ആഗോള തലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ചു.

## കേരള സംസ്ഥാന കരകൗശല അവാർഡ് - 2023

ബാംബൂ മേഖലയിൽ 2023 വർഷത്തെ സംസ്ഥാന കരകൗശല സംസ്ഥാന അവാർഡ് ശ്രീ. ബിന്ദേഷ് കരസ്ഥമാക്കി. ഈ ബഹുമതി അദ്ദേഹത്തിന്റെ അസാധാരണമായ കഴിവിനെയും, കരകൗശലത്തോടുള്ള അർപ്പണബോധത്തെയും, മുള സൃഷ്ടികളുടെ ഉയർന്ന ഗുണമേന്മയെയും അംഗീകരിക്കുന്നു. ഈ പുരസ്കാരം അദ്ദേഹത്തിന്റെ വ്യക്തിഗത നേട്ടത്തെ ആഘോഷിക്കുക മാത്രമല്ല, അതുവഴി



കേരളത്തിന്റെ ഊർജ്ജസ്വലമായ സാംസ്കാരിക ഭൂപ്രകൃതിയിൽ മുള കരകൗശല വസ്തുക്കളുടെ പ്രാധാന്യവും കലാപരമായ മൂല്യവും എടുത്തു കാണിക്കുന്നു. ശ്രീ. ബിന്ദേഷിന് ആശംസകൾ.

## രാഷ്ട്രപതി ഭവനിലെ 'വിവിധത കാ അമൃത്' മഹോത്സവത്തിൽ കേരളത്തിലെ മുള ഉല്പന്നങ്ങൾ

ന്യൂഡൽഹി രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനിൽ (മുഗൾ ഗാർഡൻ) വച്ച് മാർച്ച് 5, 2025 ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഭാഗമാകുന്ന 'വിവിധത കാ അമൃത് മഹോത്സവ്' പരിപാടിയിൽ കേരളത്തിൽ നിന്നുള്ള മുള ഉല്പന്നങ്ങൾ ഏവർക്കും കൗതുകമായി. കേരളത്തിൽ നിന്നും പങ്കെടുത്ത 40 ഓളം പേർ മുളകളിൽ തീർത്ത കര വിരുത് പ്രദർശിപ്പിച്ചു. മുളയുല്പന്നങ്ങളുടെ സാധ്യതയെ ജനങ്ങളിലേക്ക് എത്തിക്കുവാനും ഉല്പന്നങ്ങൾ ഉപയോഗിക്കുവാനുള്ള പ്രേരണ നൽകുവാനും മേള സഹായിച്ചു. ഡി സി എച്ച് (DCH), ഹാൻഡ്‌ലൂം, കേരള സംസ്ഥാന ബാംബൂ മിഷൻ, ട്രൈഫെഡ് (TRIFED), എന്നീ ഏജൻസികൾ



മുഖേന കേരളത്തിൽ നിന്നും 40 പേർ ഈ പരിപാടിയിലെ കേരള പവലിയനിൽ പങ്കെടുത്തു. കൂടാതെ ഫുഡ് സ്റ്റാളുകൾ, ലൈവ് ഡെമോ, കലാപരിപാടികൾ എന്നിവയും ഈ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ശ്രീ. ജംഷാദ്, ശ്രീമതി. അംബുജം, ഷിബിന, സബിത, ഷാനിബ്, സുജിത്, ഷീജ, എന്നിവർക്ക് പുറമെ വയനാട്ടിലെ ഉറവിൽ നിന്നും കരകൗശല വിദഗ്ദർ പങ്കെടുത്തു.



*സെഫലോസ്റ്റാചിയം പെർഗ്രാസിലെ* - ഇടത്തരം വലുപ്പത്തിൽ വളരുന്ന ഈ മുള തെക്കുകിഴക്കൻ ഏഷ്യയിൽ കാണപ്പെടുന്നു

## മാർഗ്ഗനിർദ്ദേശങ്ങൾ

ഞങ്ങളുടെ വരാനിരിക്കുന്ന ലക്കങ്ങൾക്കായി മുളയുമായി ബന്ധപ്പെട്ട വർത്തമാനകാല സംഭവങ്ങളുടെ മുഴുനീള ലേഖനങ്ങൾ, വാർത്താ സ്നിപ്പെറ്റുകൾ, റിപ്പോർട്ടുകൾ, അറിയിപ്പുകൾ എന്നിവ ബാംബൂ ഇൻഫോയിലേക്ക് സംഭാവന ചെയ്യാൻ നിങ്ങളെ ക്ഷണിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഇനിപ്പറയുന്നവ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുത്താതെ വിപുലമായ വിഷയങ്ങളിലുള്ള ഗവേഷണ അറിവുകൾ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

**സ്പോട്ട്ലൈറ്റ്:** നിങ്ങൾക്ക് താൽപ്പര്യമുള്ള മുളയുടെ ഏതെങ്കിലും ഗവേഷണ വിഷയത്തെക്കുറിച്ച് നിങ്ങളുടെ അറിവും വൈദഗ്ധ്യവും പങ്കിടുക. കൂടുതൽ ശ്രദ്ധ അർഹിക്കുന്ന മുള മേഖലയിലെ കാലികമായ ഒരു വിഷയം നിങ്ങൾക്ക് ഇതിലൂടെ വായനക്കാരെ പരിചയപ്പെടുത്താം.

**ഔട്ട് ഓഫ് ദി ബോക്സ്:** മുളയെ അതുല്യവും ക്രിയാത്മകവുമായ രീതിയിൽ ഉപയോഗിക്കുന്ന ഒരു ഡിസൈൻ ആശയം, പുതുമ നിറഞ്ഞ ഒരു ഉൽപ്പന്നം അല്ലെങ്കിൽ നൂതനതമായ ആശയം എന്നിവ നിങ്ങളുടെ പക്കലുണ്ടോ? അതിനെക്കുറിച്ച് കേൾക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു! ഉപയോഗിച്ച മുളയുടെ ഇനം, അളവുകൾ, മറ്റ് പ്രസക്തമായ വിശദാംശങ്ങൾ എന്നിവ വിവരിക്കുന്ന ഒരു ചിത്രീകരിച്ച കുറിപ്പ് സമർപ്പിക്കുക. ഡിസൈൻ യഥാർത്ഥമായിരിക്കണം.

**സ്പീഷീസ് ഇൻ ഫോക്കസ്:** നിങ്ങൾക്ക് ആകർഷകമായി തോന്നുന്ന ഒരു പ്രത്യേക ഇനം മുളയുണ്ടോ? അതിന്റെ പ്രത്യേകതകൾ, വളരുന്ന ആവാസവ്യവസ്ഥകൾ, പ്രധാന സവിശേഷതകൾ, നിർദ്ദിഷ്ട ഉപയോഗങ്ങൾ, കൃഷി, സാമ്പത്തിക സാധ്യതകൾ എന്നിവയെക്കുറിച്ചുള്ള നിങ്ങളുടെ അറിവുകൾ പങ്കിടുക.

**റൂട്ട്സ്:** മുളയ്ക്ക് സമ്പന്നമായ ഒരു സാംസ്കാരിക ചരിത്രമുണ്ട്, ഇന്നും പരമ്പരാഗത രീതികളിൽ അവയെ ഉപയോഗിക്കുന്നുണ്ട്. കാലത്തെ അതിജീവിച്ച ഇത്തരം മുള ഉൽപന്നങ്ങൾ, മുളയുടെ സാംസ്കാരിക ഉപയോഗങ്ങൾ, പരമ്പരാഗത സാങ്കേതികവിദ്യകൾ എന്നിവ പ്രദർശിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**ക്രോണിക്കിൾസ്:** മുളയെന്ന വിഭവത്തിന്റെ വികസനം, ഇതുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ, പരിശീലന പരിപാടികൾ, മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവുകൾ കേൾക്കാൻ ഞങ്ങൾ താൽപ്പര്യപ്പെടുന്നു.

**ബാംബൂ ക്വിൽ:** മുളയുടെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള നൂതനവും പ്രസക്തവും ആയ പുസ്തകങ്ങളോ പ്രസിദ്ധീകരണങ്ങളോ പരിചയപ്പെടുത്തുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു.

നിങ്ങളുടെ ലേഖനങ്ങൾ സമർപ്പിക്കുവാൻ അവ btsg@kfri.res.in *അല്ലെങ്കിൽ* btsgkfri@gmail.com എന്ന ഈമെയിൽ വിലാസത്തിലേക്കോ 9446505286 എന്ന വാട്സ്ആപ്പ് നമ്പറിലേക്കോ അയയ്ക്കുക.

## ബാംബൂ ഇൻഫോ
**വാല്യം 1, ലക്കം 2**
**ഏപ്രിൽ 2025**



### *എഡിറ്റോറിയൽ ടീം*

ഡോ. കണ്ണൻ  സി എസ് വാര്യർ
ഡോ. വി ബി ശ്രീകുമാർ
ഡോ. വി അനിത
ഡോ. സുമ അരുൺ ദേവ്
ഡോ. ആർ ജയരാജ്
ഡോ. എ വി രഘു
ഡോ. സന്ദീപ് എസ്
ഡോ. എം അമൃത്
ഡോ. സിൽജോ ജോസഫ്
ഡോ. ഡൊണാൾഡ് ജെയിംസ്
ഡോ. ശ്വേത ബി കുക്രെറ്റി
ഡോ. ശ്രീജിത്ത് കെ എ
ഡോ. ശംഭു കുമാർ
ഡോ. വേബിൾ പവൻ ശ്യാംറാവു
ശ്രീ. അരുൺ വി ആർ

### *ലേഔട്ട് & ഡിസൈൻ*

ശ്രീ. സനീഷ് രാജ്. കെ എസ്
ശ്രീമതി. പ്രസീത എ പി


### *കവർ ചിത്രം*

കേരളത്തിലെ തൃശ്ശൂരിലെ ഷോളയാർ വനത്തിൽ വളരുന്ന *ടീനോസ്റ്റാകിയം വൈറ്റിയെ.*

### *ബാംബൂ ഇൻഫോയെ കുറിച്ച്*

ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ബിടിഎസ്ജി) - കെഎഫ്ആർഐയിൽ നിന്നുള്ള ത്രൈമാസ വാർത്താക്കുറിപ്പാണ് ബാംബൂ ഇൻഫോ. ഉള്ളടക്കങ്ങൾ ബിടിഎസ്ജി - കെഎഫ്ആർഐയുടെ വ്യക്തിപരമായ കാഴ്ചപ്പാടുകളോ നയങ്ങളോ പ്രതിഫലിപ്പിക്കണമെന്നില്ല. ബിടിഎസ്ജി - കെഎഫ്ആർഐക്കും രചയിതാവിനും ക്രെഡിറ്റ് നൽകിയാൽ, ലേഖനങ്ങൾ നിരക്ക് ഈടാക്കാതെ വീണ്ടും അച്ചടിക്കാവുന്നതാണ്. എല്ലാ ചിത്രങ്ങളിലും ബിടിഎസ്ജി - കെഎഫ്ആർഐയെ നിർബന്ധമായും അംഗീകാരം ചെയ്തിരിക്കണം.

### *ബിടിഎസ്ജി - കെഎഫ്ആർഐയെ കുറിച്ച്*

കേന്ദ്ര സർക്കാരിന്റെ കീഴിലെ ദേശീയ മുള മിഷന്റെ ധനസഹായത്തോടു കൂടി കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നതാണ് ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ബിടിഎസ്ജി - കെഎഫ്ആർഐ). വിവിധയിനം മുളയിനങ്ങൾ, അവയുടെ പ്ലാന്റേഷൻ, പ്രജനന മാർഗങ്ങൾ, സംസ്കരണം, വിപണനം, മുള മേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, അവയുടെ പരിശീലനം, കൂടാതെ വൈവിധ്യമാർന്ന ഉപയോഗങ്ങൾ, തുടങ്ങിയവയുമായി ബന്ധപ്പെട്ട് കർഷകർക്കും വിദ്യാർത്ഥികൾക്കും മറ്റ് സംരംഭകർക്കും വേണ്ട നിർദ്ദേശങ്ങൾ, വിവരങ്ങൾ എന്നിവ ബിടിഎസ്ജി - കെഎഫ്ആർഐ യിൽ നിന്നും ലഭിക്കുന്നതാണ്.


### *ബന്ധപ്പെടേണ്ട വിലാസം*

***ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് - കെഎഫ്ആർഐ***
***കെഎസ്‌സിഎസ്ടിഇ - കേരള വന ഗവേഷണ സ്ഥാപനം***
***പീച്ചി 680 653, തൃശൂർ, കേരളം, ഇന്ത്യ***

0487-2690100
9446505286
btsg@kfri.res.in; btsgkfri@gmail.com
www.bambooinfo.in


National Bamboo Mission   KSCSTE   KFRI

**ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് - കെഎഫ്ആർഐ**
**www.bambooinfo.in @BTSG-KFRI**

© Copyright Bamboo Technical Support Group - KFRI. All Rights Reserved